"ഭരണഭാഷ-മാതൃഭാഷ"


കേരള പ്രിസൺസ് & കറക്ഷണൽ സർവ്വീസസ്

ആസ്ഥാന കാര്യാലയം
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12
:0471-2342532
:keralaprisons@gov.in


തീയതി : 13-01-2023

## സർക്കുലർ നം 1

ഓരോ ജയിൽ സ്ഥാപനവുമായി ബന്ധപ്പെട്ട ഓഡിറ്റ് പരിശോധനാ റിപ്പോർട്ടുകളിലും പ്രസ്തുത ജയിലുകളിൽ സേവനത്തിലുണ്ടായിരുന്ന ജീവനക്കാരിൽ നിന്നും സർക്കാരിലേക്ക് ഈടാക്കേണ്ട സാമ്പത്തിക ബാധ്യതകൾ ഈടാക്കി റിപ്പോർട്ട് ചെയ്യുവാൻ നൽകുന്ന നിർദേശത്തിൻമേൽ, ടി തുകകൾ പ്രസ്തുത ജീവനക്കാർ ടി സ്ഥാപനങ്ങളിൽ സർവീസിൽ ഉണ്ടായിരുന്നപ്പോൾ അവരിൽ നിന്നും ഈടാക്കാതെ ദീർഘകാലം കഴിഞ്ഞ് ഇതേ ജീവനക്കാർ സ്ഥലം മാറിപ്പോയെന്നും ചിലർ വിരമിച്ചതായും അറിയിച്ച് ഇവരുടെ പേരിലുള്ള വിയോജനങ്ങൾ ഒഴിവാക്കണമെന്ന് പല ജയിൽ സൂപ്രണ്ടുമാരും ആവശ്യപ്പെടുന്നതായി കാണുന്നു. മാത്രമല്ല പല ജയിൽ സൂപ്രണ്ടുമാരും ബാധ്യതയുള്ള ജീവനക്കാർ മറ്റ് സ്ഥാപനങ്ങളിൽ ജോലിനോക്കുന്നതിനാൽ ആ ജയിൽ സൂപ്രണ്ടിന് കത്ത് നൽകിയിട്ടുണ്ട് എന്നറിയിച്ച് വിയോജനം ഒഴിവാക്കുവാൻ ആവശ്യപ്പെടുന്നതായും കാണുന്നു. ജയിൽ സ്ഥാപന മേധാവികളുടെ ഇത്തരം പ്രവർത്തികൾ മൂലം സർക്കാരിലേയ്ക്ക് ലഭിക്കേണ്ടുന്ന തുക ലഭിക്കാതെ നഷ്ടം സംഭവിക്കുന്നു. ടി നടപടികൾ ശരിയായ രീതിയല്ല.

വിരമിച്ച / സ്ഥലം മാറിപോകുന്ന ജീവനക്കാരുടെ ബാധ്യതകൾ യഥാസമയം ടി ജീവനക്കാരെ അറിയിക്കേണ്ടതും നിശ്ചിത സമയപരിധിക്കുള്ളിൽ പ്രസ്തുത ജീവനക്കാരിൽ നിന്നും ഈടാക്കി ചലാൻ പകർപ്പ് സമർപ്പിക്കേണ്ടതുമാണ്. അല്ലാത്തപക്ഷം വിരമിച്ച / സ്ഥലം മാറിപോകുന്ന ജീവനക്കാർ സേവനമനുഷ്ഠിച്ച കാലയളവിലെ ബാധ്യതകൾ ആ കാലയളവിലെ സ്ഥാപനമേധാവിയുടെ ബാധ്യതയായി കണക്കുന്നതാണ് . സ്ഥാപനവുമായി ബന്ധപ്പെട്ട പരിശോധനാ റിപ്പോർട്ട് ലഭ്യമായാൽ ഒരു മാസത്തിനകം തന്നെ റിപ്പോർട്ടിൽ പരാമർശിക്കുന്ന ബാധ്യതകൾ ബന്ധപ്പെട്ട ജീവനക്കാരിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ടി വിയോജനങ്ങൾ സ്ഥാപനമേധാവിയുടെ ബാധ്യതയായി കണക്കാക്കി തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നറിയിക്കുന്നു.

വിനോദ് കുമാർ എം കെ
ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പ്രിസൺസ് (HQ)
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസിനു വേണ്ടി

സ്വീകർത്താവ്: 1. ഡി.ഐ.ജി ഓഫ് പ്രിസൺസ്, ഉത്തര/മദ്ധ്യ/ദക്ഷിണ മേഖലകൾ
2. എല്ലാ സ്ഥാപന മേധാവികൾക്കും

പകർപ്പ് : ഫയൽ, കരുതൽ ഫയൽ.

IW3-15000/2019/PrHQ

ea7483